## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 40 — 12.06.2012-ൽ മറുപടിക്ക്.

## ഇരുചക്ര വാഹനാപകടങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി: | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും<br>വകുപ്പു മന്ത്രി) | |
| (എ) | നാറ്റ്പാക് പുറത്തുവിട്ട കണക്കുപ്രകാരം സംസ്ഥാനത്ത് ഉണ്ടാകുന്ന വാഹനാപകടങ്ങളിൽ കൂടുതലും ഇരുചക്ര വാഹനങ്ങൾ ഉൾപ്പെട്ടതാണെന്നിരിക്കെ ഇത് നിയന്ത്രിക്കാൻ എന്തു നടപടിയാണ് റോഡ് സുരക്ഷാ അതോറിറ്റി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; | (എ) | സംസ്ഥാനത്ത് വാഹനാപകടങ്ങളിൽപ്പെടുന്ന വാഹനങ്ങളിൽ നല്ലൊരു പങ്കും ഇരുചക്ര വാഹനങ്ങളാണ്. സ്റ്റേറ്റ് ക്രൈം റെക്കോർഡ് ബ്യൂറോയുടെ കണക്കനുസരിച്ച് 2011 -ൽ മാത്രം ഇരുചക്ര വാഹനങ്ങൾ മൂലം മരണപ്പെട്ടവരുടെ എണ്ണം 1713 ആണ്. ഹെൽമറ്റ് ധരിക്കാത്തതാണ് മരണസംഖ്യ വർദ്ധിക്കാൻ കാരണമാകുന്നത്. ഇരുചക്ര വാഹനങ്ങൾ ഓടിക്കുന്നവർക്ക് അവരുടെ രക്ഷയ്ക്കായി ഹെൽമറ്റ് ധരിക്കുന്നത് നിർബന്ധമാക്കിയിട്ടുണ്ട്. ഇത് കൂടാതെ സ്കൂൾ പരിസരങ്ങളിൽ വേഗപരിധി ലംഘിച്ച് ഓടുന്ന ഇരുചക്ര വാഹനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനുള്ള നിർദ്ദേശവും, ഹെൽമറ്റ് ധരിക്കാതെയും, അമിതവേഗതയിലും, അലക്ഷ്യമായും വാഹനം ഓടിക്കുന്നത് തടയുവാനുള്ള നിർദ്ദേശവും, സൂചനാ ലൈറ്റുകൾ പ്രകാശിപ്പിക്കാതെ വാഹനങ്ങൾ ഓടിക്കുന്നവർക്കെതിരെ നടപടി |

| | | | |
|---|---|---|---|
| | | | എടുക്കുന്നതിനുള്ള നിർദ്ദേശവും എല്ലാ പോലീസ് മേധാവികൾക്കും നൽകിയിട്ടുണ്ട്. കൂടാതെ രാത്രികാലങ്ങളിൽ ഹെഡ്‌ലൈറ്റുകൾ ഡിം ചെയ്യാതെ വാഹനം ഓടിക്കുന്നത് തടയുവാനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. |
| (ബി) | റോഡ് നിർമ്മാണത്തിലെ അശാസ്ത്രീയത, മുന്നറിയിപ്പ് ബോർഡുകളുടെ അഭാവം, റോഡുകളിലെ മങ്ങിയ അടയാളങ്ങൾ, തെരുവുവിളക്കുകൾ ഇല്ലാത്തത്, റോഡ് വീതികൂട്ടിയിട്ടും പോസ്റ്റുകൾ മാറ്റിസ്ഥാപിക്കാത്തത് തുടങ്ങിയ പ്രശ്നങ്ങൾ സ്ഥിരമായി അപകടങ്ങൾ ഉണ്ടാകുന്ന സ്ഥലത്തെങ്കിലും ശാശ്വതമായി പരിഹരിക്കാൻ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ? | (ബി) | റോഡ് സുരക്ഷാ അതോറിറ്റിയുടെ നേതൃത്വത്തിൽ 217 ബ്ലാക്ക് സ്പോട്ടുകളും 896 അപകട സാധ്യതാ സ്ഥലങ്ങളും കണ്ടുപിടിക്കുകയും ടി സ്ഥലങ്ങൾ അപകട വിമുക്തമാക്കുവാൻ ചെയ്യേണ്ട പ്രവർത്തനങ്ങൾ വിലയിരുത്തി നടപടിയെടുക്കുവാൻ ജില്ലാ റോഡ് സുരക്ഷാ കൗൺസിലിനോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. കൂടാതെ ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകളുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ വിവിധ പദ്ധതി കൾക്ക് ഫണ്ട് അനുവദിക്കുകയും ചെയ്തു വരുന്നു. ഇത്തരത്തിലുള്ള പ്രശ്നങ്ങൾ ബന്ധപ്പെട്ട വകുപ്പധികാരികളുടെ ശ്രദ്ധയിലും പെടുത്തിയിട്ടുണ്ട്. വിവിധ പദ്ധതികളുടെ ഭാഗമായി ലഭിച്ച തുകകൾ കൊണ്ട് ട്രാഫിക് സുരക്ഷയ്ക്കായി ആവശ്യമായ അത്യാധുനിക ഉപകരണങ്ങൾ വാങ്ങി എല്ലാ യൂണിറ്റുകൾക്കും വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ